ദുരന്ത പുനരധിവാസം

# ജി.ശങ്കറിന്റെ ഭവന പദ്ധതിക്ക് ദേശീയ പുരസ്കാരം



തിരുവനന്തപുരം● ദുരന്ത പുനരധിവാസ മേഖലയിൽ മികച്ച ഭവന പദ്ധതി ഒരുക്കിയതിനുള്ള കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ പുരസ്കാരം ആർക്കിടെക്ട് ജി.ശങ്കറിന്റെ നേതൃത്വത്തിലുള്ള ഹാബിറ്റാറ്റ് ഗ്രൂപ്പിന്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ആസ്റ്റർ ഗ്രൂപ്പ് നടപ്പാക്കുന്ന ഭവന പദ്ധതിയാണു പുരസ്കാരത്തിന് അർഹമായത്.

മുൻ വർഷങ്ങളിൽ മികച്ച ചേരി പുനരധിവാസ പദ്ധതി, ഹരിത നിർമിതി, വാസഗൃഹ നിർമിതി, ഹരിത നഗരാസൂത്രണം വിഭാഗങ്ങളിൽ ഹാബിറ്റാറ്റ് ദേശീയ പുരസ്കാരം നേടിയിരുന്നു. ലോക പാർപ്പിട ദിനത്തിൽ ഡൽഹിയിലാണ് അവാർഡ് സമർപ്പണം.

# ഹാബിറ്റാറ്റ് ഗ്രൂപ്പിന് ദേശീയ പുരസ്കാരം



ഡോ. ജി ശങ്കർ

തിരുവനന്തപുരം

ഹാബിറ്റാറ്റ് ഗ്രൂപ്പിന് ദേശീയ പുരസ്കാരം. രാജ്യത്തെ ദുരന്തമേഖലയിലെ ഏറ്റവും മികച്ച ഭവനനിർമാണ പദ്ധതിക്കാണ് അവാർഡ്. ആസ്റ്റർ ഹോംസ് നടപ്പാക്കുന്ന പദ്ധതിയുടെ രൂപകൽപ്പനയുടെ മികവിനാണ് പുരസ്കാരം. കേന്ദ്ര നഗരവികസന മന്ത്രാലയം ഹഡ്കോ വഴിയാണ് ജേതാക്കളെ നിർണയിച്ചത്.

റീബിൽഡ് കേരള പദ്ധതിയുമായി സംയോജിപ്പിച്ച് ഡോ. ആസാദ് മൂപ്പന്റെ നേതൃത്വത്തിലുള്ള ആസ്റ്റർ ഗ്രൂപ്പ് 250 വീട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമിക്കുന്നു. ഇതിന്റെ ആദ്യത്തെ ആറു വീടിന്റെ താക്കോൽദാനം കഴിഞ്ഞ നവംബറിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചിരുന്നു. മുൻ വർഷങ്ങളിലും ഹാബിറ്റാറ്റ് കേന്ദ്രസർക്കാരിന്റെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഏറ്റവും മികച്ച ചേരിപുനരധിവാസ പദ്ധതി, ഹരിത നിർമിതി, ഏറ്റവും മികച്ച വാസഗൃഹം, ഹരിത നഗരാസൂത്രണം എന്നീ പുരസ്കാരങ്ങളാണ് ഹാബിറ്റാറ്റ് നേടിയത്.

ഹാബിറ്റാറ്റ് ഗ്രൂപ്പ് ചെയർമാൻ ഡോ. ജി ശങ്കർ ലോക പാർപ്പിട ദിനമായ ഒക്ടോബർ രണ്ടിന് ഡൽഹിയിൽവച്ച് അവാർഡ് ഏറ്റുവാങ്ങും.

# ഹാബിറ്റാറ്റ് ഗ്രൂപ്പിന് ദേശീയ പുരസ്കാരം



► ഡോ.ജി.ശങ്കർ

തിരുവനന്തപുരം ► രാജ്യത്തെ ദുരന്ത മേഖലയിലെ ഏറ്റവും വലിയ ഭവന നിർമാണ പദ്ധതിയായി കേരളത്തിലെ 'ആസ്റ്റർ ഹോംസി'ന്റെ പദ്ധതി തിരഞ്ഞെടുക്കപ്പെട്ടു. ഈ പദ്ധതിയുടെ രൂപകൽപ്പനയുടെ മികവിന് ഹാബിറ്റാറ്റ് ഗ്രൂപ്പ് ദേശീയ പുരസ്കാരത്തിന് അർഹമായി.

കേന്ദ്ര നഗരവികസന മന്ത്രാലയം ഹഡ്കോ വഴിയാണ് ജേതാക്കളെ നിർണയിച്ചത്. റീബിൽഡ് കേരള പദ്ധതിയുമായി സംയോജിപ്പിച്ച് ഡോ.ആസാദ് മൂപ്പന്റെ നേതൃത്വത്തിലുള്ള ആസ്റ്റർ ഗ്രൂപ്പ് 250 വീടുകളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ കേന്ദ്രസർക്കാരിന്റെ നാല് ദേശീയ പുരസ്കാരങ്ങളും ഹാബിറ്റാറ്റ് നേടിയിട്ടുണ്ട്. ഏറ്റവും മികച്ച ചേരി പുനരധിവാസ പദ്ധതി, ഹരിത നിർമിതി, എന്നീ പുരസ്കാരങ്ങളാണ് നേടിയത്.